# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഇകെഎം)ബി.പി-367/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 28/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ(ഇകെഎം)ബി.പി-367/22 തീയ്യതി: 28/06/2022

## എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി..മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 22-02-2022 | 25-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2022 | 25-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസി എം.,ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ.വി., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി.ജി.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ഷഹീർ എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ടി.എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു സബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സി രമണി | സെക്രട്ടറി | 01-04-2019 | 01-01-2020 |
| ശ്രീമതി.സാജിത ടി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-01-2020 | 12-01-2020 |
| ശ്രീ.വിജയൻ എം എസ് | സെക്രട്ടറി | 13-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൈജ ജോസ് | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗായത്രി.എസ്. | ശിശു ക്ഷേമ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സി.പി.അഗസ്റ്റിൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ സാജൻ കെ.റ്റി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 27-07-2019 |
| ശ്രീ. ശിവപ്രസാദ് പി വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 28-07-2019 | 31-03-2020 |
| ശ്രീമതി. മഞ്ജു.വി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 27-07-2019 |
| ശ്രീമതി. ഗേളി മേരി ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 28-07-2019 | 02-09-2019 |
| ശ്രീമതി. രാജി സി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-09-2019 | 31-03-2020 |
| ശ്രീമതി ട്രീസ തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 06-06-2019 |
| ശ്രീമതി അനു മുരളി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-06-2019 | 01-07-2019 |
| ശ്രീ. സജീവ് കുമാർ പി ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-07-2019 | 31-03-2020 |
| ഡോ.എലിസബത്ത് പി റ്റി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെങ്ങമനാട്) | 01-04-2019 | 13-11-2019 |

| | | | |
|---|---|---|---|
| ഡോ.ടിന്റു സാറാ രാജു | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെങ്ങമനാട്) | 14-11-2019 | 27-02-2020 |
| ഡോ.എലിസബത്ത് പി റ്റി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെങ്ങമനാട്) | 28-02-2020 | 31-03-2020 |
| ശ്രീ. ജോബി ടി വൈ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-9 |
| 10 | രസീതു പരിശോധന അപാകത<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-10 |
| 11 | സി.ഡി.പി.ഒ. ഓഫീസ് ദൈനംദിന ചെലവുകൾ -അപാകത<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-11 |
| 12 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Tessy (Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-12 |
| 13 | സാക്ഷരതാ കലോത്സവം - ചെലവ് - അപാകത<br>Written By: Tessy (Audit Officer, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 1-13 |
| 14 | പട്ടികജാതി കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ<br>Written By: Tessy (Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-14 |
| 15 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി - മോണിറ്ററിംഗ് കാര്യക്ഷമമല്ല<br>Written By: Sheheer (Senior Grade Auditor, On 26-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-15 |
| 16 | കറവ പശുവിനെ വാങ്ങൽ (വനിത) പദ്ധതി - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 26-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-16 |

| | | |
|---|---|---|
| 17 | കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല<br>Written By: Sheheer (Senior Grade Auditor, On 26-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-17 |
| 18 | ഉച്ചയ്ക്ക് ശേഷം ഒ.പി. പദ്ധതി പ്രകാരമുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 26-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-18 |
| 19 | സാന്ത്വന പരിചരണം – പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 26-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-19 |
| 20 | മലായിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-ആറു വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമമാക്കിയില്ല.<br>Written By: Prasad P G (Asst. Audit Officer, On 28-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-20 |
| 21 | ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം - ചെയ്തത് മറ്റ് പ്രവൃത്തികൾ<br>Written By: Prasad P G (Asst. Audit Officer, On 28-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 25-02-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 21-05-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 24-02-2022)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

07.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് പ്രകാരം | | ധനകാര്യ പത്രിക പ്രകാരം | | വ്യത്യാസം |
|---|---|---|---|---|
| പ്രതീക്ഷിത വരവ് | 25,14,59,444 | യഥാർത്ഥ വരവ് | 3,92,88,840 | 21,21,70,604 |
| പ്രതീക്ഷിത ചെലവ് | 25,09,10,944 | യഥാർത്ഥ ചെലവ് | 5,40,29,821 | 19,68,81,123 |
| നീക്കിബാക്കി | 5,48,500 | നീക്കി ബാക്കി | 71,59,291 | - 66,10,791 |

യഥാർത്ഥ വരവിനേക്കാൾ 21 കോടി രൂപയും യഥാർത്ഥ ചെലവിനേക്കാൾ 19 കോടി രൂപയും അധികമായാണ് ബജറ്റിൽ കണക്കാക്കിയിരിക്കുന്നത്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് ബജറ്റ് നീക്കിയിരിപ്പിനേക്കാൾ 66 ലക്ഷം രൂപ കൂടുതലാണ്. ലക്ഷ്യമിട്ട രീതിയിൽ വികസന പ്രവർത്തനങ്ങൾ നടത്താനായില്ല എന്ന് വിലയിരുത്തുന്നു. തന്നെയുമല്ല, തനതു വരുമാനം കുറവായ ബ്ലോക്ക് പഞ്ചായത്ത് എപ്രകാരമാണ് ഇത്രയും വലിയ വരവ്-ചെലവുകൾ ലക്ഷ്യമിട്ടതെന്ന് വ്യക്തമല്ല. ലഭിക്കുവാൻ സാധ്യതയുള്ള തുകകൾ മാത്രം കണക്കിലെടുത്ത് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2020 | 25.05.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21,90,0272 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,92,88,840 |
| ആകെ | 6,11,89,112 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,40,29,821 |
| നീക്കിയിരിപ്പ് | 71,59,291 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,43,63,636 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19615362 | 19615362 | 19615362 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9177666 | 9177666 | 9177666 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 100000 | 100000 | 100000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 33433258 | 33433258 | 33433258 | 0 | 0 |
| ട്രഷറി ടി. എസ്. ബി. (എസ്.ടി.എസ്.ബി 3171) | 56000 | 0 | 56000 | 0 | 56000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (എസ്.ടി.എസ്.ബി 6) | 2494897 | 4493000 | 6987897 | 3464591 | 3523306 | 0 |
| TSC ഇന്ത്യൻ ബാങ്ക് | 384543 | 10229 | 394772 | 0 | 394772 | 0 |
| സാക്ഷരത | 193577 | 5042 | 198619 | 198619 | 0 | 0 |
| SBI IWMP | 6899802 | 5110799 | 12010601 | 9945341 | 2065260 | 0 |
| SBI2 IWMP | 5030 | 173 | 5203 | 0 | 5203 | 0 |
| IAY Admn. Cost | 20612 | 184 | 20796 | 20796 | 0 | 0 |
| ഇന്ത്യൻ ബാങ്ക് SIGN | 9267 | 163 | 9430 | 9430 | 0 | 0 |
| ഇന്ത്യൻ ബാങ്ക് Misc | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഇന്ത്യൻ ബാങ്ക് Miscellaneous | 185426 | 209234 | 394660 | 114019 | 280641 | 0 |
| ഇന്ത്യൻ ബാങ്ക് IAY (Spl A/c) | 18741 | 470 | 19211 | 19211 | 0 | 0 |
| ഇന്ത്യൻ ബാങ്ക് നിർമ്മൽ | 296747 | 7894 | 304641 | 0 | 304641 | 0 |
| IAY ഇന്ത്യൻ ബാങ്ക് (PT) | 11333752 | 331281 | 11665033 | 11293976 | 371057 | 0 |
| DCB IAY Loan | 500 | 0 | 500 | 0 | 500 | 0 |
| MKSP Indian Bank | 1125 | 30 | 1155 | 0 | 1155 | 0 |
| GST Union Bank | 253 | 100214 | 100467 | 78404 | 22063 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 66400803 | 58 | 33171755 | 0 | 39 | 40% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022 3.30PM-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021 മുതൽ 07.09.21 വരെ | 2020-21 | 03.12.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.15 മുതൽ 16.07.15വരെ | 01.07.13 മുതൽ 30.06.15 വരെ | 13.08.2015 |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ 2019-20 വർഷം ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ് ശരിയായ രീതിയിലല്ല. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. വ്യക്തമായ ആസൂത്രണമില്ലാതെയാണ് മരാമത്ത് പ്രവൃത്തികൾ മിക്കതും നടപ്പാക്കിയിട്ടുള്ളത്.എഗ്രിമെന്റ് ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള സാധനങ്ങൾ തന്നെയാണോ കരാറുകാരൻ സ്ഥാപിച്ചിരിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. *വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്.* ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 രസീതു പരിശോധന അപാകത

എഞ്ചിനിയറിംഗ് വിഭാഗം ഉപയോഗിച്ച രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

| തീയതി | രസീത് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 410/17 | 590 | കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| രേഖപ്പെടുത്തിയിട്ടില്ല | 410/23 | 710 | കളക്ഷൻ രജിസ്റ്ററിൽ 590 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത് |

പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അടവാക്കിയതായി കാണുന്നില്ല, കൂടാതെ കളക്ഷൻ തുക അടവാക്കിയ വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.ക്യാൻസൽ ചെയ്ത രസീതുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല,മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/2019-20 തീയതി 24/02/2022 ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതും രസീതുപ്രകാരമുള്ള തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-11 സി.ഡി.പി.ഒ. ഓഫീസ് ദൈനംദിന ചെലവുകൾ -അപാകത

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സി ഡി പി ഒ ഓഫീസ് ദൈനംദിന ചെലവുകൾ എന്ന 36/2019-20 നമ്പർ പദ്ധതിയിൽ ഉൾപ്പെടുത്തി പാറക്കടവ് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയതിന് ബിൽ നം 3/2019-20 തിയതി 18/01/2020 പ്രകാരം 30900/-രൂപ M/s പ്രോട്ടോൺ കമ്പ്യൂട്ടേഴ്സ്, ചെങ്ങമനാടിന് നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ഐ ടി സെൽ വകുപ്പിന്റെ ഐ ടി സെൽ1/1 /106/2019/വി സ വ തിയതി 21/10/2019 പ്രകാരം കമ്പ്യൂട്ടർ അനുബന്ധ ഐ ടി ഉപകരണങ്ങൾ സി.പി.ആർ.സി.എസ്. പോർട്ടലിലൂടെ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സ്റ്റോർ പർച്ചേസ് മാന്വൽ 19.3 ൽ എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കണമെന്നും പറയുന്നുണ്ട്. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങിയതിനുള്ള വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ 2/2019-20 23/02/2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഐ.ടി. അനുബന്ധ ഉപകരണങ്ങൾ വാങ്ങുമ്പോൾ മേൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

താഴെപ്പറയുന്ന വേലകൾക്കായി തുകകൾ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | ഇനം | തുക | ബിൽ നമ്പർ/തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 119/19-20 | താളിയാർ കളത്തിക്കടവ് ലിങ്ക് റോഡ് കുടിവെള്ളലൈൻ | 250000 | 18300527991/30.8.19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, ആലുവ |
| 42/ 2019-20 | തുരുത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, ചെങ്ങമനാട് | 1000000 | 18300515771/29.8.2019 | ---"--- |
| 5/19-20 | ലൈഫ് പി.എം.എ.വൈ. ഭവന നിർമ്മാണം - ജനറൽ | 968640 | 18300324945/9.7.19 | ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 867740 | 18300324943/9.7.19 | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 968640 | 18300324942/9.7.19 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 593320 | 18300324947/9/7.19 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 258360 | 18300324950/9.7.19 | പാറക്കടവ് ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 900000 | 18300324946/9.7.19 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 585220 | 18300324944/9.7.19 | കുന്നുകര ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 900000 | 18300324949/9.7.19 | പാറക്കടവ് ഗ്രാമപഞ്ചായത്ത് |
| 6/19-20 | ലൈഫ് പി.എം.എ.വൈ. ഭവന നിർമ്മാണം എസ്. സി. | 532750 | 18300324951/9.7.19 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |

| പ്രോജക്റ്റ് നമ്പർ | ഇനം | തുക | ബിൽ നമ്പർ/തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| ---"--- | ---"--- | 411250 | ---"--- | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 900000 | 18300324953/9.7.19 | കുന്നുകര ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 315000 | 18300324954/9.7.19 | ---"--- |
| ---"--- | ---"--- | 1000000 | 18300324952/9.7.19 | പാറക്കടവ് ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 604706 | 18300341111/15.7.19 | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| 132/19-20 | അങ്കണവാടി കെട്ടിട നിർമ്മാണം പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് ഷെയർ | 900000 | 18300995539/ 26.12.19 | മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ജി.എസ്. |
| 26/19-20 | പാലിയേറ്റീവ് കെയർ, ബ്ലോക്ക് ഷെയർ | 335500 | 18300347066/ 16.7.19 | ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 150000 | ---"--- | പാറക്കടവ് ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 200000 | 18300347077/16.7.19 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 200000 | ---"--- | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 200000 | ---"--- | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| ---"--- | ---"--- | 200000 | ---"--- | കുന്നുകര ഗ്രാമപഞ്ചായത്ത് |
| ആകെ | | 1,32,41,126 | | |

വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്ത സാഹചര്യത്തിൽ 1,32,41,126/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-13 സാക്ഷരതാ കലോത്സവം - ചെലവ് - അപാകത

പ്രോജക്ട് നമ്പർ എസ് 0029/20 പ്രകാരം 15.9.2019 – ൽ സാക്ഷരതാ കലോത്സവത്തിനായി (തുടർ വിദ്യാഭ്യാസ കലോത്സവം) ചെക്ക് നമ്പർ 2664638/30.10.19 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 32930 രൂപ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി ലളിതാംബിക പി.എസ്-ന് വ്യക്തിഗത അക്കൌണ്ട് നമ്പർ 57041567082 എന്ന എസ്.ബി.ഐ. അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം സാക്ഷരതാ കലോത്സവം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ഒരു ചെലവ് ചെയ്യാവുന്നതല്ല. ഈയിനത്തിൽ ഉള്ള ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ബാനർ | 1535 |
| ഫോട്ടോ | 1000 |
| ചായ, ഊണ് | 16050 |
| കുടിവെള്ളം | 300 |
| ലൈറ്റ് & സൌണ്ട്, കർട്ടൻ | 6000 |
| ജഡ്ജസിനുള്ള പ്രതിഫലം | 2000 |
| ട്രോഫി | 6045 |
| ആകെ | 32930 |

ഈ തുക മുൻകൂർ ആയി അനുവദിച്ചിരിക്കുന്നത് മേൽപ്പറഞ്ഞ അക്കൌണ്ടിലേക്കാണ്. പിന്നീട് ഇത് അഡ്ജസ്റ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ചട്ടങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ഈ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 പട്ടികജാതി കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

അടങ്കൽ : ₹ 5,75,500/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണിച്ചർ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ എസ് 0030/20) ആർട്ട്കോയിൽ നിന്ന് 575000രൂപയുടെ ഫർണിച്ചർ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ 18301657283/30.3.20). വാങ്ങിയത് 2019-20 വർഷത്തിലാണെങ്കിലും ബിൽ പാസ്സാക്കിയിരിക്കുന്നത് 2020-21 വർഷത്തിലാണ്. ആയവ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള കത്ത് പ്രകാരം താഴെപ്പറയുന്ന പ്രകാരമാണ് വിതരണം ചെയ്തിരിക്കുന്നത്.

| സ്ഥാപനം | കസേര | മേശ | ഓഫീസ് കസേര | ഓഫീസ് മേശ | അല മാര | കസേര ഡയസ് | മേശ ഡയസ് |
|---|---|---|---|---|---|---|---|
| വിജ്ഞാൻവാടി, വാർഡ് 17,എളവൂർ 4 സെന്റ് കോളനി, പാറക്കടവ് | 200 | 25 | | | | | |
| കുന്നുകര ചൈതന്യ മഹിളാസമാജം, വാർഡ് 14 | | 1 | 2 | 2 | 1 | | |
| മള്ളുശ്ശേരി എസ്.സി. കമ്മ്യൂണിറ്റി ഹാൾ | 50 | 10 | | 1 | 1 | 6 | 2 |
| ആകെ | 250 | 36 | 2 | 3 | 2 | 6 | 2 |

ആവണംകോട് എസ്.സി. കമ്മൂണിറ്റി ഹാളിന് ടിവി, ടിവി സ്റ്റാന്റ് എന്നിവ നൽകിയിട്ടുണ്ട്.

ആർട്ട്കോയിൽ നിന്ന് ഇൻവോയ്സ് നമ്പർ Kkd 650, 27.3.20 പ്രകാരം വാങ്ങിയതിൽ കൈപ്പിടി ഇല്ലാത്ത കസേര 250എണ്ണം നികുതി അടക്കം 149270രൂപക്ക് വാങ്ങിയത് നീൽ കമൽ ബ്രാന്റ് ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 132 -103 സെ.മീ. എൽ ഇ ഡി ടി വി നികുതി അടക്കം 31989.80 രൂപക്ക് വാങ്ങിയിട്ടുണ്ട്. ജിഒ (ആർ ടി) നമ്പർ 8/20 എസ് പി ഡി , തീയതി 10.2.2020 പ്രകാരം സ്റ്റീൽ ഫർണിച്ചർ, തടി ഫർണിച്ചർ മുതലായവ ആണ് ആർട്ട് കോ -യിൽ നിന്ന് നേരിട്ട് വാങ്ങാവുന്നത്.

വിജ്ഞാൻവാടി, വാർഡ് 17, എളവൂർ 4 സെന്റ് കോളനി, എളവൂർ എന്ന കമ്മ്യൂണിറ്റി ഹാളിലേക്ക് വിതരണം ചെയ്തിരിക്കുന്നത് 200 കസേരകളും 25 മേശകളും ആണ്. 4 സെന്റിൽ ഇരുനിലകളിൽ ആയി സ്ഥിതി ചെയ്യുന്ന ഈ ഹാൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആണെന്നും നിലവിൽ പരിപാടികൾ നടത്തുന്നുണ്ടെങ്കിലും വാടകക്ക് കൊടുക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അദ്ധ്യായം XXVI നാലാം പട്ടിക ബി XIII പ്രകാരം ഫർണിച്ചർ വാങ്ങി നൽകുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നില്ലെങ്കിലും ഇത്രയും ഫർണിച്ചർ ഉപയോഗത്തിനായി വാങ്ങി നൽകിയിട്ടുള്ള സാഹചര്യത്തിൽ ഈ കെട്ടിടത്തിന് വാടക നിശ്ചയിച്ച് ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അധികാരികൾക്ക് അധികൃതർ നിർദ്ദേശം നൽകേണ്ടതാണ്.

## 1-15 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി - മോണിറ്ററിംഗ് കാര്യക്ഷമമല്ല

ഉല്പാദന മേഖലയിലെ ചെറുകിട വ്യവസായം, സ്വയം തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് ഓഡിറ്റ് വർഷത്തിൽ വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ എന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 34/20 |
| അടങ്കൽ | 2880000/- രൂപ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) - 2400000/- രൂപ, മറ്റുള്ളവ - 480000/- രൂപ |
| ചെലവ് | 852500/- രൂപ (വികസന ഫണ്ട്) |
| ബിൽ നം./തീയതി/തുക | 1/2.12.2019/255000, 2/7.1.20/300000, 3/7.1.20/297500 |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തു പരിധിയിലുള്ള 3 ഗ്രാമപഞ്ചായത്തിനു കീഴിലുള്ള കുടുംബശ്രീ യൂണിറ്റുകൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. കുന്നുകര ഗ്രാമപഞ്ചായത്തിനു കീഴിലെ ഒരു കുടുംബശ്രീ യൂണിറ്റിനും (തനിമ ബേക്കേഴ്സ് & കാറ്ററിംഗ് യൂണിറ്റ്), ശ്രീമൂലംനഗരം ഗ്രാമപഞ്ചായത്തിനു കീഴിലെ ഒരു കുടുംബശ്രീ യൂണിറ്റിനും (ബ്രദേഴ്സ് പിക്കിൾ യൂണിറ്റ്), പാറക്കടവ് ഗ്രാമപഞ്ചായത്തിനു കീഴിലെ ഒരു കുടുംബശ്രീ യൂണിറ്റിനും (ഗംഗ തയ്യൽ യൂണിറ്റ്) പദ്ധതി പ്രകാരം യഥാക്രമം 2,55,000/- രൂപ, 3,00,000/- രൂപ, 2,97,500/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിലെ 5 പേർക്ക് എന്ന തോതിൽ 15 പേർക്ക് പ്രൊജക്ട് മുഖാന്തിരം സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമാകാൻ സാധിച്ചു. പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ) ഖണ്ഡിക 6.4.4 പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുതെന്ന് നിർദ്ദേശിക്കുന്നു. കുന്നുകര, പാറക്കടവ് എന്നീ ഗ്രാമപഞ്ചായത്തിൽ നിന്നും സ്വയംതൊഴിലിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ധന സഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ബ്രദേഴ്സ് പിക്കിൾ യൂണിറ്റിന് ഇത്തരത്തിൽ ധന സഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ശ്രീമൂലംനഗരം ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല കുടുംബശ്രീ മിഷനിൽ നിന്നും ഇത്തരത്തിൽ ധന സഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം പദ്ധതി പ്രകാരമുള്ള കുടുംബശ്രീ യൂണിറ്റുകൾ സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ അല്ലാ എന്നുള്ളത് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ

ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സിഡി അനുവദിച്ചിട്ടുള്ള കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് ഒരു സംവിധാനം നിലവിലുള്ളതായി കാണുന്നില്ല. മോണിറ്ററിംഗ് നടത്തേണ്ട ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/23.02.2022) ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതാണെന്നും മോണിറ്ററിംഗ് കൃത്യമായി നടത്തുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ) ഖണ്ഡിക 6.4.4 പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ അല്ലാ എന്ന് ഉറപ്പ് വരുത്തി മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വ്യവസായ വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമാക്കി സബ്സിഡി അനുവദിച്ചിട്ടുള്ള കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കറവ പശുവിനെ വാങ്ങൽ (വനിത) പദ്ധതി - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം. & പേര് | 100, കറവ പശുവിനെ വാങ്ങൽ (വനിത) – സ്പിൽ ഓവർ |
| അടങ്കൽ | 5,46,000/- രൂപ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 2,75,000/- രൂപ (വികസന ഫണ്ട്) |
| ബിൽ നം./തീയതി/തുക | 1/30.4.2019/ ₹2,75,000/- |

വനിതകൾക്ക് സ്വയം തൊഴിൽ പ്രോത്സാഹനം എന്ന ലക്ഷ്യത്തോടെ മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തിലെ 10 ഗുണഭോക്താക്കൾക്ക് ഒരു പശുവിന്റെ സബ്സിഡി തുകയായ 27,500/- രൂപ വീതം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 14.2.2018 ലെ സ.ഉ(കൈ)നം. 22/18/ത.സ്വ.ഭ.വ പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. കൂടാതെ മാർഗരേഖ ഉപഖണ്ഡിക 2.2, 2.3 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്ടുകൾക്ക് ധനസഹായം ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

2. സബ്സിഡി തുക പശു വിൽക്കുന്നയാളുടെ അക്കൗണ്ടിലേക്ക് മാറി നൽകാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് മാറി നൽകിയിരിക്കുന്നു.

3. താഴെ പറയുന്ന ഗുണഭോക്താക്കളുടെ വിലച്ചീട്ടിൽ പശു വിൽക്കുന്നയാളുടെ പേര്, വാങ്ങിയ തീയതി, പശുവിന്റെ തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | സ്മിത ഷിബി, കുന്നുകര |
| 2 | സൗദ അഷറഫ്, പാറക്കടവ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/24.02.2022 ന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പദ്ധതി, സബ്സിഡി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അനുമതിയുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2. സബ്സിഡി തുക പശു വിൽക്കുന്നയാളുടെ അക്കൗണ്ടിലേക്ക് മാറി നൽകാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകിയത് ശരിയായ നടപടിയല്ല. സബ്സിഡി തുക പശു വിൽക്കുന്നയാളുടെ അക്കൗണ്ടിലേക്ക് മാറി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഗുണഭോക്താക്കൾ നൽകുന്ന വിലച്ചീട്ടിൽ ആവശ്യമായ വിവരങ്ങൾ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക്

നൽകിയില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് (അക്കൌണ്ട് നം. 3624001800000019) തുക നൽകിയിട്ടുണ്ട്.

(എ) പ്രൊജക്ട് നം. 7, പാലിയേറ്റീവ് കെയർ സെക്കന്റ് ഫേസ്

അടങ്കൽ - 800000/- രൂപ

ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 766807/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം./തീയതി |
|---|---|---|
| PRF5653/26.3.2020 | 63393 | 41/19-20/31.3.2020 |
| PRF5413/19.3.2020 | 111271 | |
| PRF5386/18.3.2020 | 14599 | |
| PRF3925/18.1.2020 | 76361 | 34/19-20/30.3.2020 |
| PRF2987/4.12.2020 | 100276 | 23/12.12.2019 |
| PRF2986/4.12.2020 | 148956 | |
| ആകെ തുക | 514856/- രൂപ | |

(ബി) പ്രൊജക്ട് നം. 47, പുത്തൻവേലിക്കര താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 199979/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം. /തീയതി |
|---|---|---|
| PRF4254/31.1.2020 | 185000 | 31/19-20/14.2.2020 |

(സി) പ്രൊജക്ട് നം. 39, ചെങ്ങമനാട് സി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 400000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 399722/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം. /തീയതി |
|---|---|---|
| PRF4706/18.2.2020 | 61864 | 39/19-20/30.3.2020 |
| PRF4873/25.2.2020 | 12573 | |
| PRF4644/15.2.2020 | 65287 | |
| PRF2556/20.11.2019 | 250000 | 22/19-20/12.12.2019 |
| ആകെ തുക | 389724/- രൂപ | |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണോദ്യോഗസ്ഥനായുള്ള മേൽ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ.-ന് (അക്കൌണ്ട് നം. 3624001800000019) തുക നൽകിയിട്ടുണ്ട്. എന്നാൽ കെ.എം.എസ്.സി.എലിൽ നിന്നും മരുന്ന് ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡേറ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ആയത് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/24.02.2022) മരുന്ന് ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡേറ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഉടനടി ഹാജരാക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മേൽ പ്രൊജക്ടുകൾ പ്രകാരം കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്ന് ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡേറ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 10,89,580/- (514856+185000+389724) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഉച്ചയ്ക്ക് ശേഷം ഒ.പി. പദ്ധതി പ്രകാരമുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. & പേര് | 108 , സി.എച്ച്.സി.യിൽ ഉച്ചക്ക് ശേഷമുള്ള ഒ.പി. നടപ്പിലാക്കുന്നതിന് സ്റ്റാഫിനെ നിയമിക്കൽ |

| | |
|---|---|
| അടങ്കൽ | 951344/- രൂപ |
| ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 860477/- രൂപ |

മേൽ പദ്ധതി പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | പേര് | പദ്ധതി പ്രകാരം ലഭിച്ച ആകെ തുക |
|---|---|---|---|
| 1 | ഡോക്ടർ | ഡോ. ലാവണ്യ കെ. | 3,81,951 |
| 2 | ഫാർമസിസ്റ്റ് | ജിന കെ. വി. | 1,89,106 |
| 3 | ---"--- | നീതു കെ. എ. | 1,91,970 |

പദ്ധതി പ്രകാരം നിയമിതരായിട്ടുള്ള മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/24.02.2022) പദ്ധതി പ്രകാരം നിയമിതരായിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതി പ്രകാരം നിയമിതരായിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 സാന്ത്വന പരിചരണം – പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി 29.10.2015 ലെ സ.ഉ(സാധാ) നം. 3217/2015/തസ്വഭവ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുവാനും അവർക്ക് ആവശ്യമായ പരിചരണം ഉറപ്പുവരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർദ്ദേശ പ്രകാരമുള്ള പരിചരണം ആവശ്യമായ രോഗികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ ഡിവിഷൻ അടിസ്ഥാനത്തിലുള്ള നോമിനൽ രജിസ്റ്റർ, ഹോംകെയർ രജിസ്റ്റർ, മരുന്ന് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, റിവ്യൂ രജിസ്റ്റർ, പേഷ്യന്റ് സ്റ്റാറ്റിസ്റ്റിക്സ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചതായി കാണുന്നില്ല.

(ബി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിക്കേണ്ടതും മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, സി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം പി.എം.സി യോഗങ്ങൾ ചേരുന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/24.02.2022 ന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. 29.10.2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ പ്രകാരം ഓഡിറ്റിനായി ലഭ്യമാക്കേണ്ട മുഴുവൻ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മലായിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-ആറു വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമമാക്കിയില്ല.

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ കുന്നുകര ഗ്രാമപഞ്ചായത്തിൽ 2015-16 NABARD RIDF XX ട്രാഞ്ചെയിൽ

ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് മലായിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. മാഞ്ഞാലി തോടിന്റെ ഒരു കൈവഴി അവസാനിക്കുന്ന ഭാഗത്ത് റിങ്ങ് താഴ്ത്തി അതിന് മുകളിൽ പമ്പ് ഹൗസ് സ്ഥാപിക്കുക, ഏകദേശം 200 മീ മാറി ഉയരമുള്ള ഒരു പ്രദേശത്ത് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുക, 110 Mm പൈപ്പുകൾ സ്ഥാപിച്ച് വെള്ളം വിവിധ പ്രദേശങ്ങളിലേക്ക് എത്തിക്കുക എന്നീ 3 ഘട്ടങ്ങളായാണ് ഈ പ്രവൃത്തി വിഭാവന ചെയ്തിരുന്നത്. ജലക്ഷാമമുള്ള ഈ പ്രദേശത്ത് ജലസേചന സൗകര്യമുണ്ടാക്കാനും, അതുവഴി കിണറുകളിലെ ജല ലഭ്യത ഉറപ്പു വരുത്താനുമുതകുന്ന ഈ പദ്ധതി ഓഡിറ്റ് തീയതിയിലും പ്രവർത്തനക്ഷമമായിട്ടില്ല.

ഈ പദ്ധതിയുടെ 2019-20 വർഷത്തെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ചെക്ക്/ ബിൽനം, തീയതി | തുക | കരാറു കാരൻ | റിമാർക്സ് |
|---|---|---|---|
| 3587761/27.09.19 | 3,94,163 | കെ.ബി. അഷ്റഫ് | സിവിൽ വർക്കിന് ആദ്യ കരാറെടുത്ത വ്യക്തി |
| 3587762 | 23,244 | വിവിധ നികുതികൾ അടവാക്കിയത് | |
| 1474/25.03.2020 (പ്രോജക്റ്റ് നം 103/19-20, നിർവ്വഹണം സെക്രട്ടറി) | 22,477 | കെ.എ. അശോകൻ നായർ | ഇലക്ട്രിക്കൽ വർക്കിന്റെ ബിൽത്തുകയായ 4,49,536/- രൂപയുടെ 5 % സംസ്ഥാനവിഹിതം നൽകിയത് |
| 1470/25.03.2020 (പ്രോജക്റ്റ് നം 103/19-20, നിർവ്വഹണം സെക്രട്ടറി) | 48,519 | ഐസക് വർഗീസ് | നിലവിലെ കരാറുകാരന് നൽകേണ്ട 9,70,873/- രൂപയുടെ 5 % സംസ്ഥാനവിഹിതം നൽകിയത് |

ആവശ്യത്തിന് ജലലഭ്യത ഇല്ലാത്ത പ്രദേശമാണ് പദ്ധതിക്കായി തെരെഞ്ഞെടുത്തതെന്ന് പാറക്കടവ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിലുണ്ട് (നം.2/AEE/LSGD/PKD Dated 07.12.2016). വേനൽക്കാലത്ത് ഉണ്ടായേക്കാവുന്ന ജലക്ഷാമം പരിഹരിക്കാൻ മാഞ്ഞാലിത്തോട്ടിൽ നിന്നും ലീഡിംഗ് ചാനൽ പ്രവൃത്തി നടപ്പിലാക്കാം എന്ന കുന്നുകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉറപ്പിന്മേൽ ടി പ്രവൃത്തി തുടരുവാൻ എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. ഡിവിഷൻ അറിയിച്ചതിനെ തുടർന്നാണ് ഇടക്ക് ഉപേക്ഷിക്കാൻ തീരുമാനിച്ച പദ്ധതി പുനരാരംഭിച്ചത്. കരാറുകാരുടെ ഭാഗത്തു നിന്നുള്ള നിസ്സഹകരണം, വസ്തു തർക്കം തുടങ്ങിയ നിരവധി കാരണങ്ങളാൽ അനന്തമായി വൈകിയ ഈ പദ്ധതി പൂർത്തിയാക്കിയിട്ടും അത് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയാണ്.

പാറക്കടവ് ബി.ഡി.ഒ. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) എറണാകുളത്തിന് നൽകിയ 15.12.2021 ലെ ഇ-122/2014 നമ്പർ കത്ത് പ്രകാരം ഈ പദ്ധതിക്കായി അതുവരെ 19,00,000/- രൂപ നബാർഡിൽ നിന്നും ലഭിച്ചതായും, 17,63,407/- രൂപ ചെലവഴിച്ചതായും പറയുന്നു. ഈ പദ്ധതി സംബന്ധിച്ച ഒരു കേസ് ബഹു.ഹൈക്കോടതി മുമ്പാകെയും, ഒരു പരാതി ബഹു.ഓംബുഡ്സ്മാൻ മുമ്പാകെയും നിലവിലുള്ളതിനാലും, കരാറുകാരന് റിടെൻഷൻതുക അനുവദിച്ചിട്ടില്ലാത്തതിനാലും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും, പ്രോജക്റ്റ് കംപ്ലീഷൻ സർട്ടിഫിക്കറ്റും നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും പരാമർശിച്ചിട്ടുണ്ട്.

ജി.ഒ.(ആർ.ടി) നം 1923/2015/ തസ്വഭവ. തീയതി 27.06.2015 പ്രകാരം ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ 3 ഘട്ടങ്ങളും നിലവിൽ പൂർത്തിയായിട്ടുണ്ട്. 30 എച്ച്.പി. ശേഷിയുള്ള മോട്ടോർ സ്ഥാപിച്ചിട്ടും കേവലം 200 മീ. അകലെയുള്ള വാട്ടർ ടാങ്കിലേക്ക് വെള്ളമെത്താത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള മോട്ടോർ പമ്പ്സെറ്റാണോ സ്ഥാപിച്ചിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണ്. നിർവ്വഹണത്തിലെ ആസൂത്രണമില്ലായ്മ, നിരന്തര മോണിറ്ററിംഗിന്റെ അഭാവം എന്നിവയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന് കാരണമായി. പദ്ധതി പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം - ചെയ്തത് മറ്റ് പ്രവൃത്തികൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 94/20 & (14/18-19), ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി ,തുക | LSGD /TS/2018-19/102127തീയതി 11.12.18, 11,86,000/- |
| കരാറുകാരൻ | ശ്രീ. ഷിജു.എം.എസ് |
| കരാർ തുക | 17,49,120.67/- |
| കരാർ ഉടമ്പടി നം., തുക | 29/AE/LSGD/PKD/18-19/ തീയതി.16.01.2019, 9,01,308.77/-രൂപ. |
| എം ബുക്ക് | 514/19-20, 179/18-19. |

ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം എന്ന പേരിൽ മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വിഹിതം വകയിരുത്തി അംഗീകാരം വാങ്ങുകയും, തുടർന്ന് പദ്ധതി പ്രകാരം ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്യാതെ കാർ പാർക്കിംഗ് ഷെഡ്, ഇരുചക്ര വാഹന പാർക്കിംഗ് ഷെഡ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടോയ്‌ലെറ്റ്, ഫാൾസ് സീലിംഗ് വർക്ക് തുടങ്ങിയ ഇനങ്ങളാണ് പദ്ധതി പ്രകാരം

ചെയ്തിട്ടുള്ളത്. 17.07.2019 ലെ കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും , അതനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കാനും തീരുമാനിച്ചു. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും ചെയ്യാതിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 13/12/2019 ലെ 4(1)തീരുമാനം പ്രകാരം അംഗീകാരം നൽകി.

ചെയ്ത പ്രവൃത്തികൾ നേരിട്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :-

1. ഇരുചക്ര വാഹന പാർക്കിംഗിനായി നിർമ്മിച്ച ഷെഡിലേക്ക് വാഹനമെത്തിക്കുന്നതിന് മതിയായ വഴിസൗകര്യമില്ലാത്തതാണ്. ഷെഡിനകം പേവിംഗ് ടൈൽ വിരിച്ചിട്ടുണ്ടെങ്കിലും, ആകെ കുണ്ടും കുഴിയും നിറഞ്ഞതായിട്ടാണ് കണ്ടത്.

2. കാർ പാർക്കിംഗിനായി നിർമ്മിച്ച ഷെഡിന്റെ ഒരു ഭാഗം ഇപ്പോൾ പൊളിച്ചു നീക്കി പുതുതായി ഒരു മുറി പണിതുകൊണ്ടിരിക്കുന്നു.കേവലം ഒരു വർഷം മുമ്പ് നടത്തിയ ഒരു നിർമ്മാണം പൊളിച്ചു നീക്കേണ്ടി വന്നത് ആസൂത്രണമില്ലായ്മക്ക് ഉത്തമോദാഹരണമാണ്.

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിർമ്മിച്ചിരിക്കുന്ന ടോയ്‌ലെറ്റിൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള വാഷ്ബേസിനും, വാട്ടർ ക്ലോസറ്റുമല്ല ഫിറ്റ് ചെയ്തിരിക്കുന്നത്. DSR ഇനം 17.78 പ്രകാരം 14,000/- രൂപ വിലമതിക്കുന്ന വാട്ടർ ക്ലോസറ്റിന് തുക നൽകിയിട്ട് മാർക്കറ്റിൽ കുറഞ്ഞ വിലക്ക് ലഭിക്കുന്ന സാധാരണ ക്ലോസറ്റാണ് സ്ഥാപിച്ചത് . DSR ഇനം 17.7 എ പ്രകാരം 4,300/-രൂപ വിലമതിക്കുന്ന വാഷ്ബേസിന് പകരം പി.വി.സി. ടാപ്പോടു കൂടിയ സാധാരണ വാഷ്ബേസിനും സ്ഥാപിച്ചിരിക്കുന്നു. എഗ്രിമെന്റ് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള സാധനങ്ങൾ ഉപയോഗിക്കാതിരുന്നിട്ടും, പ്രവൃത്തിയുടെ അളവെടുത്ത്, ചെക്ക്മെഷർ ചെയ്തപ്പോഴൊന്നും ആവശ്യമായ നടപടി സ്വീകരിക്കാതെ ബില്ല് പാസ്സാക്കി നൽകിയത് ഗുരുതരമായ വീഴ്ചയാണ്.

മേൽ അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ക്രമ നം 3 ലെ അപാകത പ്രകാരം അധികം നൽകിയ തുക കണ്ടെത്തി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക | പ്രൊജക്ടിന്റെവിവരം | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകൾ | -- | 1285500 | ഐ.എ.വൈ ഭവനപദ്ധതി | 1285500 | 0 |

പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തുരുത്തി കുടിവെള്ള പൈപ്പ് ലൈൻ (പ്രോ.42) | 58-29/08/2019 | 1000000 | വിനിയോഗ സാക്ഷ്യപത്രം | |

| | | | | | |
|---|---|---|---|---|---|
| | | | | ലഭ്യമായിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | തുരുത്തി കടിവെള്ള പൈപ്പ് ലൈൻ (പ്രോ.119) | 58-29/08/2019 | 250000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |

Advance To Implementing Agencies Deposit With Kwa എന്ന ഹെഡിൽ ഈ തുക ചേർത്തിട്ടില്ല. എന്നാൽ മറ്റേതെങ്കിലും അഡ്വാൻസ് ഹെഡിൽ ടി തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2019-20 വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഐ.എ.വൈ വായ്പ തിരിച്ചടവ് | സ.ഉ.(എം.എസ്)90/13 /തസ്വഭവ തീയതി.14.03.2013 | -- | 41343 | 0 | 0 | 41343 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 6,11,89,112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 5,40,29,821 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 1,28,78,416 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,32,41,126 | സി.രമണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-13 | 32,930 | സി.രമണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| | | |
|---|---|---|
| 1-17 | 10,89,580 | ഡോ.എലിസബത്ത്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ | 1,43,63,636 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.രമണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | വിരമിച്ചു | കാറ്റുവിളയിൽ വീട്, വേങ്ങറ (പി.ഒ) ശാസ്താംകോട്ട, കൊല്ലം |
| ഡോ.എലിസബത്ത്, മെഡിക്കൽ ഓഫീസർ | വിരമിച്ചു | "ശാലീനം"<br>കോൺവെന്റ് റോഡ്, അങ്കമാലി<br>എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ / ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 മുതൽ 2012-2013 വരെ | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(ബി.പി.2)287/2019 തീയതി 12.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)1592/2019 തീയതി 16.10.19 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്